റിപ്പോർട്ട്

# റാഗിംഗിനെതിരെ വിദ്യാർഥി കൂട്ടായ്മ

**അക്ഷരവെളിച്ചം** തേടിയെത്തുന്നവരെ അന്ധരാക്കുന്ന, അഖിൽ ദേവ്മാരെ സമ്മാനിക്കുന്ന സംസ്കാരമാണിന്ന് കലാലയത്തിന്റേത്. അതിന് ഒരു ഓമനപ്പേരുണ്ട് റാഗിംഗ്. മിടുക്കുകൊണ്ടും സ്ഥിരോത്സാഹം കൊണ്ടും ഉന്നതങ്ങളിലെത്തിയ നവാഗതരെ പരിചയപ്പെടുത്താനെന്ന പേരിൽ ഒരു ചടങ്ങ്. സ്റ്റെതസ്കോപ്പ് കഴുത്തിലണിയാൻ മോഹിച്ച അമൽ കച്ചുവിന്റെ കഴുത്തിലേക്ക് കൊലക്കയർ എറിഞ്ഞു കൊടുത്ത കലാലയ ഹോബിയുടെ മറ്റൊരു പേര്. കുടിച്ചു കൂത്താടാനുള്ള പൈസ ജൂനിയർ വിദ്യാർഥികളിൽ നിന്നും പിഴിഞ്ഞെടുത്ത് അവരെ ലൈംഗിക വൈകൃതങ്ങൾക്കിരയാക്കി കാമ്പസ് വളപ്പിലേക്ക് കൊന്നുതള്ളുന്നതിന്റെ (അ)പരിഷ്കൃത മുഖം.

റാഗിംഗിനിരയാകുന്നവർ ദുർബലരും നിഷ്കളങ്കരുമാണ്. അനേകം വിദ്യാർഥികളുടെയും അവരെ പ്രതീക്ഷയോടെ വിദ്യാലയത്തിലേക്കയച്ച രക്ഷിതാക്കളുടെയും പ്രതീക്ഷകളെ തല്ലിത്തകർക്കുന്ന ഈ കിരാതത്വത്തിന് അറുതിയുണ്ടായേ പറ്റൂ. മറ്റൊരു അധ്യയന വർഷത്തിലെ സ്വാശ്രയ കോഴകൾ മുന്നിൽ കണ്ട് ഈ പേക്കൂത്തുകൾ പുറംലോകത്തറിയിക്കാതെ, ഈ അനീതിക്ക് കൂട്ടുനിൽക്കേണ്ടിവരുന്ന കോളേജ് അധികൃതരെ ഇനിയും പരിഷ്കൃതലോകം സഹിക്കണോ?

വോയ്സ് ഓഫ് മെൻ ഫോർ ഹ്യൂമൺറൈറ്റ്സ് എന്ന സംഘടന നടത്തിയ പഠനത്തിൽ 136 കാമ്പസുകളിൽ അക്രമം നടന്നിട്ടുണ്ട്. ഇതിൽ ഏറെയും റാഗിംഗ് വീരൻമാരുടെ വകയാണ്. നാളെയുടെ ഡോക്ടർമാരും എഞ്ചിനീയർമാരും നിയമ വിശാരദൻമാരുമായി സമൂഹത്തിന് വെളിച്ചം പകരേണ്ട യുവത്വങ്ങളെ കലാലയവളപ്പിൽ വെച്ചുതന്നെ തല്ലിക്കെടുത്തുന്ന ഈ വൈകൃതത്തെ തളക്കാൻ സുപ്രീം കോടതിയുടെ മാർഗനിർദേശങ്ങൾ ഉടൻ നടപ്പിലാക്കിയേ തീരൂ.

ഈ റാഗിംഗ് വൈകൃതങ്ങൾ അവസാനിപ്പിക്കാനുള്ള നിർദേശങ്ങളാണ് രാഘവൻ കമ്മിറ്റി റിപ്പോർട്ടിലുള്ളത്. കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് സുപ്രീം കോടതി ജഡ്ജി അരിജിത് പസായത്തിന്റെ വിധി, റാഗിംഗിനെതിരെ കർശന നടപടിയെടുക്കാത്ത സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കുക, യു.ജി.സിയുടെ ഗ്രാന്റ് തടയുക, വിദ്യാർഥികളെ കോളേജുകളിൽ നിന്നും പുറത്താക്കുക എന്നിവയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കോളേജ് നോട്ടീസ് ബോർഡിലൂടെയും പ്രോസ്പെക്ട്സിലൂടെയും വിദ്യാർഥികൾക്ക് മാർഗനിർദേശങ്ങൾ നൽകാൻ കോളേജധികാരികൾ തയാറാവേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഭീതിയും ആശങ്കയുമില്ലാതെ പഠനത്തിന് പറഞ്ഞയക്കാൻ രക്ഷിതാക്കൾക്കും, പോകാൻ മക്കൾക്കുമാകണമെങ്കിൽ അത് അത്യന്താപേക്ഷിതമാണ്.

ഈയൊരു പശ്ചാത്തലത്തിലാണ് ജി.ഐ.ഒ നടത്തിയ ആന്റി റാഗിംഗ് കാംപയ്ൻ ശ്രദ്ധേയമാകുന്നത്. ഇതോടനുബന്ധിച്ചാണ് കാമ്പസുകളിൽ വിപുലമായ പരിപാടികൾ നടന്നത്. പ്രത്യേകം സജ്ജീകരിച്ച പവലിയനുകളിൽ ഷിഫാന കല്ലായിയുടെ ചിത്രങ്ങൾ, വിവിധ തലക്കെട്ടുകളിലുള്ള പോസ്റ്ററുകൾ, കാർട്ടൂൺ, കൊളാഷ് എന്നിവ റാഗിംഗിനെ നിരുത്സാഹപ്പെടുത്തുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. 'പ്രോസ്പെക്ട്സിൽ കോളേജിനു നിറം ഏഴായിരുന്നു.....' എന്നു തുടങ്ങുന്ന കവിത പൂരണത്തിനായി നൽകി.

ഫാറൂഖ് കോളേജ്, ഗവ: ആർട്സ് ആന്റ് സയൻസ് കോളേജ് മീഞ്ചന്ത, എസ്.ഡി കോളേജ് ആലപ്പുഴ, മെഡിക്കൽ കോളേജ് കോഴിക്കോട്, ഡബ്ല്യൂ.എം.ഒ മുട്ടിൽ വയനാട്, പി.എസ്.എം.ഒ കോളേജ് തിരൂരങ്ങാടി, എം.ഇ എസ് കോളേജ് മമ്പാട്, എസ്.എൻ.ഡി.പി കോളേജ് കൊല്ലം, കൊയിലാണ്ടി എന്നിവിടങ്ങളിലായി പരിപാടി നടന്നുവരുന്നു.

**ഫൗസിയ ഷംസ്**